ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 14.10.2026 TIME : 12.50 PM

## പ്രധാന വാർത്തകൾ

1. രണ്ട് ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ആന്ധ്രപ്രദേശിലെത്തും. വിവിധ പരിപാടികളിൽ പങ്കെടുക്കും.
   **President Droupadi Murmu to arrive in Andhra Pradesh today for a two-day visit; will attend various programmes.**

2. സമാധാനവും സുസ്ഥിരവുമായ ഇന്തോ-പസഫിക് മേഖലയ്ക്ക് ഇന്ത്യയും ആസിയാനും മുൻഗണന നൽകുന്നതായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്.
   **India and ASEAN prioritize a peaceful and stable Indo-Pacific region says Defence Minister Rajnath Singh.**

3. ആഗോള സെമികണ്ടക്ടർ മൂല്യശൃംഖലയിൽ സൈബർ സുരക്ഷയ്ക്ക് പ്രാധാന്യം ഏറിവരികയാണെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്.
   **Cybersecurity gaining increasing importance in the global semiconductor value chain: Union Minister Ashwini Vaishnaw.**

4. രാജ്യത്ത് പുതിയ ക്ഷയരോഗ കേസുകളിൽ 21 ശതമാനം കുറവ്. 28 കോടിയിലധികം ആളുകളെ പരിശോധനക്ക് വിധേയരാക്കിയതായി കേന്ദ്ര സർക്കാർ.
   **India has recorded a 21 per cent decline in new tuberculosis cases. Over 28 crore people screened, says Central Government.**

5. വൈദ്യുതി പ്രതിസന്ധി വിഷയത്തിൽ നിയമസഭയിൽ ഇന്ന് പ്രതിപക്ഷ വാക്കൗട്ട്. പ്രതിസന്ധി പരിഹരിക്കാനുള്ള നടപടികൾ എത്രയും വേഗം കൈക്കൊള്ളുമെന്ന് മന്ത്രി സണ്ണി ജോസഫ്.

Opposition walks out of the Assembly today over the power crisis; Minister Sunny Joseph says steps to resolve the crisis will be taken at the earliest.

6. ഡെന്മാർക്ക് ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യയുടെ തൻവി ശർമ്മയും കിഡംബി ശ്രീകാന്തും രണ്ടാം റൗണ്ടിൽ പ്രവേശിച്ചു.

In Badminton, Tanvi Sharma and Kidambi Srikanth progressed to the second round of the Denmark Open 2026.

*************************

## REV. PREZ- ANDHRA PRADESH VISIT

രണ്ട് ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ആന്ധ്രപ്രദേശിലെത്തും. വിജയവാഡയിലെ കനകദുർഗ്ഗ ക്ഷേത്രത്തിൽ വൈകുന്നേരം രാഷ്ട്രപതി ദർശനം നടത്തും. നാളെ ആരംഭിക്കുന്ന, ദേശീയ സരസ് മേള 2026, രാഷ്ട്രപതി ഉദ്ഘാടനം ചെയ്യും . വിവിധ സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നുമായി ആയിരത്തി അഞ്ഞൂറിലധികം സ്വയം സഹായ സംഘങ്ങളിലെ വനിതാ അംഗങ്ങൾ മേളയിൽ പങ്കെടുക്കും.

*************************

## PM MODI-CANADIAN PM

പ്രധാനമന്ത്രി നരേന്ദ്ര മോദിയും കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണിയും ടെലഫോൺ സംഭാഷണം നടത്തി. വിവിധ മേഖലകളിൽ ഉഭയകക്ഷി ബന്ധം ശക്തമാക്കാൻ ഇരു നേതാക്കളും ധാരണയായി. സുസ്ഥിരവും സമൃദ്ധവുമായ ലോകം കെട്ടിപ്പടുക്കുന്നതിൽ ഇന്ത്യയും കാനഡയും ഒരുമിച്ച് പ്രവർത്തിക്കുന്നതായി ശ്രീ. മോദി സമൂഹമാധ്യമത്തിൽ കുറിച്ചു. അതേസമയം, രണ്ട് ദിവസത്തെ സന്ദർശനത്തിനായി ന്യൂഡൽഹിയിലെത്തിയ കനേഡിയൻ വിദേശകാര്യ മന്ത്രി അനിത ആനന്ദ്, ഇന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കറുമായി കൂടിക്കാഴ്ച നടത്തും.

*************************

## RAJNATH – ASEAN INDIA DEFENCE (INTRO)

സമാധാനവും , സുസ്ഥിരവും ,സുതാര്യവുമായ ഇന്തോ-പസഫിക് മേഖല എന്ന വിഷയത്തിൽ ഇന്ത്യയ്ക്കും ആസിയാനും ഒരേ താൽപ്പര്യമാണുള്ളതെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ന്യൂഡൽഹിയിൽ , ആസിയാൻ-ഇന്ത്യ ഡിഫൻസ് , തിങ്ക് ടാങ്ക് ഫോറത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം . തെക്കുകിഴക്കൻ ഏഷ്യയുമായി സഹകരിക്കാനുള്ള ദീർഘകാല പ്രതിബദ്ധതയാണ് ഇന്ത്യയുടെ 'ആക്റ്റ് ഈസ്റ്റ്' നയമെന്നും ശ്രീ സിംഗ് പറഞ്ഞു.

(ഹോൾഡ് വോയിസ്.......... )

*************************

## VAISHNAW – SEMICONDUCTOR

ആഗോള സെമികണ്ടക്ടർ മൂല്യശൃംഖലയിൽ ഉൽപ്പാദനച്ചെലവിനൊപ്പം വിശ്വാസ്യതയ്ക്കും സൈബർ സുരക്ഷയ്ക്കും പ്രാധാന്യം ഏറിവരികയാണെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. സെമികണ്ടക്ടർ രൂപകൽപ്പന, നിർമ്മാണം, പരിശോധന എന്നിവയിൽ വിശ്വസ്ത പങ്കാളിയാകാനാണ് ഇന്ത്യ ലക്ഷ്യമിടുന്നതെന്നും ന്യൂഡൽഹിയിൽ നടന്ന ബ്ലൂംബർഗ് ന്യൂ ഇക്കോണമി ഫോറത്തിൽ സംസാരിക്കവെ, അദ്ദേഹം പറഞ്ഞു.

*************************

## GOYAL – TRADE AGREEMENT

കഴിഞ്ഞ നാല് വർഷത്തിനിടെ 38 വികസിത രാഷ്ട്രങ്ങളുമായി ഇന്ത്യ മുൻഗണനാ വ്യാപാര കരാറുകളിൽ ഒപ്പുവെച്ചതായി കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ. ന്യൂഡൽഹിയിൽ നടന്ന ബ്ലൂംബർഗ് ന്യൂ ഇക്കോണമി ഫോറത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വിപണി സാധ്യതകൾ ആഗോളതലത്തിൽ വികസിപ്പിക്കാനാണ് ഇന്ത്യ ലക്ഷ്യമിടുന്നതെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

***********************

## INDIA – TB CASES

രാജ്യത്ത് പുതിയ ക്ഷയരോഗ കേസുകളിൽ 21 ശതമാനം കുറവുണ്ടായതായി കേന്ദ്ര സർക്കാർ. പരിശോധനകൾ, നൂതന സാങ്കേതികവിദ്യ, ജനപങ്കാളിത്തം എന്നിവയിലൂടെ ക്ഷയരോഗ നിർമ്മാർജ്ജനത്തിനായുള്ള പ്രവർത്തനങ്ങൾ സർക്കാർ ഊർജിതമാക്കിയിട്ടുണ്ട്. ടിബി മുക്ത് ഭാരത് അഭിയാൻ പദ്ധതിക്ക് കീഴിൽ 28 കോടിയിലധികം ആളുകളെ പരിശോധനക്കും വിധേയരാക്കി.

***********************

## RUBIO – INDIA VISIT

യു.എസ്. സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ അടുത്ത ആഴ്ച ഇന്ത്യ സന്ദർശിക്കും.ഇരു രാജ്യങ്ങളും തമ്മിലുള്ള ഊർജ്ജ സഹകരണവും തന്ത്രപരമായ പങ്കാളിത്തവും സന്ദർശനവേളയിൽ ചർച്ചയാകും. പര്യടനത്തിനിടെ റൂബിയോ മുംബൈയും ജാംനഗറും സന്ദർശിക്കുമെന്ന് യു.എസ്. സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് അറിയിച്ചു.

***********************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(BREAK)

***********************

## 25 YEARS – GST COUNCIL (INTRO)

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണനേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കിയതിൻറെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമിക്കുന്നു. ജിഎസ്ടി കൗൺസിൽ രാജ്യത്ത് സൃഷ്ടിച്ച നിർണായക മാറ്റങ്ങളെക്കുറിച്ചാണ് 'ജനസേവനമാണ്

ദേശസേവനം' എന്ന ആകാശവാണി പ്രത്യേക പരമ്പരയിൽ ഇന്ന്. **വിശദാംശങ്ങളിലേക്ക്..........**

(**ഹോൾഡ് വോയ്സ്........**)

## PM – 25 YEARS – GST COUNCIL(VOICE)

ഇന്ത്യയുടെ നികുതി പരിഷ്കരണയാത്രയിൽ സുപ്രധാന ചുവടുവയ്പ്പായി 2017 ജൂലൈ ഒന്നിനാണ് ചരക്ക് സേവന നികുതി പ്രാബല്യത്തിൽ വന്നത്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഈടാക്കുന്ന പലവിധ നികുതികളെ ഏകീകൃത സംവിധാനത്തിനു കീഴിൽ കൊണ്ടുവരാൻ ഇതിലൂടെ സാധിച്ചു. ജിഎസ്ടി ഘടന കൂടുതൽ ലളിതവത്കരിക്കാനുള്ള നടപടികളും ജിഎസ്ടി കൗൺസിൽ കഴിഞ്ഞ വർഷം സ്വീകരിച്ചു. ജി.എസ്.ടിയിലൂടെ സങ്കീർണ്ണമായ നികുതി ശൃംഖലയെ ഒരു ഏകീകൃത ദേശീയ വിപണിയാക്കി മാറ്റാൻ സർക്കാരിന് സാധിച്ചതായി ന്യൂഡൽഹിയിൽ ഇന്നലെ നടന്ന ബ്ലൂംബെർഗ് ന്യൂ ഇക്കോണമി ഫോറത്തെ അഭിസംബോധന ചെയ്യവേ പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ന്യൂസ് ഡെസ്ക് ആകാശവാണി

*************************

## OPPOSITION WALKOUT (INTRO)

സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി വിഷയത്തിൽ നിയമസഭയിൽ പ്രതിപക്ഷ വാക്കൗട്ട്. വൈദ്യുതി പ്രതിസന്ധി ഉണ്ടായ സാഹചര്യം സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷത്ത് നിന്ന് ജി ആർ അനിലാണ് അടിയന്തര പ്രമേയ നോട്ടീസ് നൽകിയത്. വൈദ്യുതി പ്രതിസന്ധി മുഴുവൻ ജനങ്ങൾക്കും പ്രയാസമുണ്ടാക്കിയതായി പ്രതിപക്ഷനേതാവ് പിണറായി വിജയൻ പറഞ്ഞു. എന്നാൽ പ്രതിസന്ധി പരിഹരിക്കാനുള്ള നടപടികൾ സർക്കാർ എത്രയും വേഗം കൈക്കൊള്ളുമെന്ന് മന്ത്രി സണ്ണി ജോസഫ് സഭയെ അറിയിച്ചു.

(**ഹോൾഡ് വോയ്സ്...**)

മന്ത്രിയുടെ മറുപടിയെ തുടർന്ന് അടിയന്തിര പ്രമേയത്തിനുള്ള അവതരണാനുമതി സ്പീകർ നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങിപ്പോയി.

*************************

## QUESTION HOUR

അടുത്ത അഞ്ച് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് മത്സ്യോത്പാദനം ഇരട്ടിയാക്കുന്നതിനുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തുന്നതെന്ന് മന്ത്രി വി ഇ അബ്ദുൽ ഗഫൂർ. കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉപയോഗപ്പെടുത്തിയും 'ബ്ലൂ ഇക്കോണമി'യിൽ ഉൾപ്പെടുത്തിയുമാണ് മത്സ്യോത്പാദനം കൂട്ടുകയെന്ന് വി മുരളീധരൻ എംഎൽഎ യുടെ ചോദ്യത്തിന് മറുപടിയായി അദ്ദേഹം നിയമസഭയിൽ പറഞ്ഞു. ഉൾനാടൻ മത്സ്യമേഖലയിൽ ഉത്പാദനം ഇരട്ടിയാക്കുന്നതിനുള്ള പുതിയ പദ്ധതി ഉടൻ നടപ്പിലാക്കുമെന്നും മന്ത്രി വ്യക്തമാക്കി.

*************************

## LEGISLATIVE ASSEMBLY BILL

നിയമസഭാ സമ്മേളനത്തിൻറെ മൂന്നാം ദിവസമായ ഇന്ന് മൂന്ന് ബില്ലുകൾ അവതരിപ്പിക്കും. 2026-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ, 2026-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ എന്നിവയാണ് സഭയുടെ പരിഗണനയ്ക്ക് വരുന്നത്.

*************************

## DENMARK OPEN

ഡെന്മാർക്ക് ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യയുടെ തൻവി ശർമ്മയും കിഡംബി ശ്രീകാന്തും രണ്ടാം റൗണ്ടിൽ പ്രവേശിച്ചു. തൻവി ജപ്പാൻ താരത്തെയും ശ്രീകാന്ത് ഫ്രഞ്ച് താരത്തെയുമാണ് പരാജയപ്പെടുത്തിയത്. അതേസമയം ഇന്ത്യയുടെ പി.വി. സിന്ധുവും ലക്ഷ്യ സെന്നും പുറത്തായി. പുരുഷ ഡബിൾസിൽ , സാത്വിക്സായിരാജ്, രങ്കിറെഡ്ഡി-ചിരാഗ് ഷെട്ടി സഖ്യവും, വനിതാ

ഡബിൾസിൽ ട്രീസ ജോളി-ഗായത്രി ഗോപിചന്ദ് സഖ്യവും ഇന്ന് കോർട്ടിലിറങ്ങും.

************************

## T20 - IND VS WI

ഇന്ത്യ-വെസ്റ്റ് ഇൻഡീസ് ട്വൻറി 20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം ഇന്ന്. വൈകുന്നേരം 7 ന് ഹൈദരാബാദിലാണ് മത്സരം. പരമ്പരയിൽ ഇന്ത്യ 2-1ന് മുന്നിലാണ്. അവസാന മത്സരം ഈ മാസം 17ന് നടക്കും.

************************

## CJP LEADERS-JUDICIAL CUSTODY

സി.ജെ.പി നേതാക്കളായ സൗരവ് ദാസിനെയും അശുതോഷ് റാങ്കയെയും ഡൽഹിയിലെ സ്പെഷ്യൽ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് കോടതി അഞ്ച് ദിവസത്തെ ജുഡീഷ്യൽ കസ്റ്റഡിയിൽ റിമാൻഡ് ചെയ്തു. അജിങ്ക്യ ഷിൻഡെയെ ഉപാധികളോടെയാണ് വിട്ടയച്ചത്. നിയമവിരുദ്ധ സംഘം ചേരൽ, ഔദ്യോഗിക ഉത്തരവുകൾ ലംഘിക്കൽ തുടങ്ങിയ കുറ്റങ്ങൾ ചുമത്തി മൂന്ന് പേർക്കുമെതിരെ പോലീസ് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിരുന്നു.

************************

## RAIN

കേരളത്തിൽ നാളെ മുതൽ മഴ ശക്തിപ്രാപിക്കും. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രതയാണ്. മറ്റന്നാൾ 7 ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്. അതേസമയം, സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ ഇന്ന് താപനില സാധാരണയെക്കാൾ 4°C വരെ ഉയരാൻ സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്.

************************

## KUSHMANDA DEVI

നവരാത്രി മഹോത്സവത്തിൻറെ നാലാം ദിനമായ ഇന്ന് ദുർഗ്ഗാദേവിയുടെ നാലാമത്തെ ഭാവമായ കൂഷ്മാണ്ഡ ദേവിയെ സ്മരിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. എല്ലാവരുടെയും ജീവിതത്തിൽ പുതിയ പ്രതീക്ഷയും സമൃദ്ധിയും മികച്ച ആരോഗ്യവും ഉണ്ടാകട്ടെയെന്ന് അദ്ദേഹം ആശംസിച്ചു.

*************************

## LLB ENTRANCE EXAM – MALAYALAM

അടുത്ത അധ്യയന വർഷം മുതൽ എൽ.എൽ.ബി പ്രവേശന പരീക്ഷകൾ മലയാളത്തിലും ഇംഗ്ലീഷിലും നടത്താൻ അനുമതി നൽകി സംസ്ഥാന സർക്കാർ. വിദ്യാർത്ഥികളുടെ ആവശ്യവും മാതൃഭാഷാ നയവും മുൻനിർത്തി, എൽ.എൽ.ബി. പ്രവേശന പരീക്ഷാ ചോദ്യങ്ങൾ മലയാളത്തിൽ കൂടി ലഭ്യമാക്കാൻ ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം.ജോൺ നിർദേശം നൽകുകയായിരുന്നു. മലയാളം ഐക്യവേദി നൽകിയ നിവേദനത്തിൻറെ അടിസ്ഥാനത്തിലാണ് നടപടി.

****************************************************************************************************************
**************